(ബി) 3-9-2014 തീയതിയിലെ G.O.(P) No.383/2014/ധന. ഉത്തരവ് പ്രകാരം പ്രത്യേക നിക്ഷേപസമാഹരണ പദ്ധതി അനുസരിച്ചുള്ള നിക്ഷേപങ്ങൾക്ക് 8% പലിശയാണ് നൽകുന്നത്. സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് പ്രത്യേക നിക്ഷേപം നടത്തുന്ന ക്ഷേമ ബോർഡുകൾക്ക് ഉയർന്നനിരക്കിൽ പലിശ നൽകാറുണ്ട്. സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് 5% പലിശയാണ് ഇപ്പോൾ നിലവിലുള്ളത്. മറ്റ് സ്ഥിരനിക്ഷേപങ്ങൾക്ക് കാലാകാലങ്ങളിൽ പലിശ നിരക്ക് പുതുക്കി നിശ്ചയിക്കാറുണ്ട്. 22-2-2014 തീയതിയിലെ G.O(P)No.77/2014/ധന. ഉത്തരവ് പ്രകാരവും 5-9-2014 തീയതിയിലെ G.O.(P)No.385/14/ധന. ഉത്തരവ് പ്രകാരവുമുള്ള പലിശനിരക്കാണ് മറ്റ് സ്ഥിരനിക്ഷേപങ്ങൾക്ക് ഇപ്പോൾ നൽകുന്നത്.

(സി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ട്രഷറി നിക്ഷേപത്തിൻ മേൽ നൽകേണ്ടതായ മൊത്തം തുകയും പലിശയും 7011.47 കോടി രൂപയാണ്.

വർഷാവസാന ചെലവുകൾക്ക് വേണ്ടിവരുന്ന തുക

169 (515) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ മാർച്ച് മാസം ഗവൺമെന്റിനുണ്ടാകുന്ന വർഷാവസാന ചെലവുകൾക്ക് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത് ;

(ബി) ഇത്രയും തുക സ്വരൂപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(സി) ഓവർഡ്രാഫ്റ്റ് ആകാതിരിക്കുവാൻ കൈക്കൊണ്ട മുൻകരുതൽ നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ മാർച്ച് മാസം ഏതാണ്ട് 10,000 കോടി രൂപ ചെലവിനത്തിൽ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി&സി) സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദങ്ങളിൽ നികുതി-നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിക്കാതിരുന്ന പശ്ചാത്തലത്തിൽ 19-9-2014-ലെ സ.ഉ.(പി) നമ്പർ 399/2014/ധന. സ.ഉ.(പി)നമ്പർ 400/2014/ധന.,10-11-2014-ലെ സ.ഉ.(പി) നമ്പർ 482/2014/ധന., 23-9-2014-ലെ സ.ഉ.(പി)നമ്പർ 409/2014/ധന ഉത്തരവുകൾ പ്രകാരം നികുതി സമാഹരണം കാര്യക്ഷമമാക്കുന്നതിനും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനും ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനുമായി കൈക്കൊണ്ടിട്ടുള്ള നടപടികൾമൂലം അവസാന പാദത്തിൽ റവന്യൂ വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥിരം

LIBRARY ARCHIVES Kerala Legislative Assembly

നികുതി-നികുതിയേതര വരുമാന സ്രോതസ്സുകൾക്ക് പുറമെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം, ദേശീയ സമ്പാദ്യ പദ്ധതി എന്നീ ഇനങ്ങളിലായി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട തുകയും വിവിധ വികസന പ്രവർത്തനങ്ങൾക്കായി പൊതു വിപണിയിൽനിന്നും കടമെടുക്കാൻ അനുവദിച്ചിട്ടുള്ളതിൽ അവശേഷിക്കുന്ന തുകയും ലഭ്യമാകുമ്പോൾ ഓവർ ഡ്രാഫ്റ്റിലേയ്ക്ക് പോകാതെതന്നെ വർഷാന്ത്യ ചെലവുകൾക്കുള്ള തുക കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് നടപടി

170 (516) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാന്യോസ് കോളേജിൽ നിന്ന് റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച് 42037/എഡ്യൂക്കേഷൻ C2/ഫൈനാൻസ് നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും അഭിപ്രായങ്ങളും വിദ്യാഭ്യാസ വകുപ്പ് ധനകാര്യ വകുപ്പിന് പുനർസമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ ഫയലിൽ ഉടൻ തീരുമാനമെടുക്കുമോ ?

ഉത്തരം

(എ) ധനവകുപ്പ് അവശ്യപ്പെട്ട എല്ലാ രേഖകളും ഭരണവകുപ്പ് ലഭ്യമാക്കിയിട്ടില്ല.

(ബി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടി വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നു.

ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ

171 (517) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികൾക്കായി ആസ്തിവികസന പദ്ധതിയിൽ നിന്നും 2015 ഫെബ്രുവരി മാസം വരെ ആകെ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്താമോ ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly